# പതിമൂന്നാം കേരളനിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.3198 29.01.2014-ൽ മറുപടിക്ക്.

<u>ത്രിതല പഞ്ചായത്തും പഞ്ചവത്സര പദ്ധതിയും</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ.ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ.വി.റ്റി.ബൽറാം<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ.ഷാഫി പറമ്പിൽ | ശ്രീ.കെ.സി.ജോസഫ്<br>(ബഹു.ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി) |
| (എ) ത്രിതല പഞ്ചായത്ത് പഞ്ചവൽസര പദ്ധതി തയ്യാറാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | (എ) ഉണ്ട്. ഒമ്പതാം പഞ്ചവൽസര പദ്ധതി മുതൽ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ പഞ്ചവൽസര പദ്ധതി നടപ്പാക്കി വരുന്നു. 12-ാം പഞ്ചവൽസര പദ്ധതിയുടെ 2-ാം വാർഷിക പദ്ധതി നിർവ്വഹണത്തിന്റെ അവസാന ഘട്ടത്തിലാണ്. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ ഇപ്പോൾ 3-ാം വാർഷിക പദ്ധതിയുടെ (2014-15) രൂപവൽക്കരണ പ്രക്രിയയിലാണ്. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) ഭരണഘടനയിലെ വ്യവസ്ഥകൾക്ക് വിധേയമായി ത്രിതല പഞ്ചായത്തുകളെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ എന്ന നിലയിൽ പ്രവർത്തിക്കാൻ പ്രാപ്തമാകും വിധം ഭരണഘടനയുടെ 11-ാം പട്ടികയിൽ ചേർത്തിട്ടുള്ള സംഗതികൾ ഉൾപ്പെടെ സാമ്പത്തിക വികസനത്തിനും സാമൂഹിക നീതിക്കുമുള്ള പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കുന്നതിന് ലക്ഷ്യമിടുന്നു. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഭൂപ്രകൃതിയുടെയും അവിടുത്തെ ജനങ്ങളുടെയും സമഗ്ര വികസനവും പുരോഗതിയുമാണ് പരമമായ ലക്ഷ്യം. 12-ാം പദ്ധതിയുടെ സമഗ്ര വികസന കാഴ്ചപാടിലൂന്നി കേന്ദ്ര - സംസ്ഥാന ആവിഷ്കൃത പരിപാടികൾ, വിവിധ സർക്കാർ വകുപ്പുകൾ, ഏജൻസികൾ, മിഷനുകൾ എന്നിവർ ചെയ്യുന്ന പ്രവർത്തനങ്ങൾ അപഗ്രഥിച്ച് അവയിൽ സംയോജിപ്പിക്കാനും ഏകോപിപ്പിക്കാനും കഴിയുന്നവ |

| | | | |
|---|---|---|---|
| | | | തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പദ്ധതിയിൽ സംയോജിപ്പിക്കേണ്ടതും അവയിൽ പരിഗണിക്കപ്പെടാത്ത പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ടതും ലക്ഷ്യമിടുന്നു. |
| (സി) | പഞ്ചവൽസര പദ്ധതി നടത്തിപ്പിലെ ഉദ്യോഗസ്ഥമേധാവിത്വം അവസാനിപ്പിച്ച് ജനപ്രതിനിധികൾക്ക് അധികാരം ലഭ്യമാക്കാൻ എന്തെല്ലാം കാരണങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ; | (സി) | പഞ്ചവൽസര പദ്ധതി നടത്തിപ്പിൽ ഉദ്യോഗസ്ഥ മേധാവിത്വം ഉണ്ടായിട്ടില്ല. ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും ഗ്രാമസഭകളുടെയും തീരുമാനങ്ങൾക്ക് വിധേയമായിട്ടാണ് പദ്ധതികൾ ആവിഷ്ക്കരിക്കുന്നതും നടപ്പിലാക്കുന്നതും. |
| (ഡി) | ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ഡി) | ബാധകമല്ല. |

സെക്ഷൻ ആഫീസർ